(ബി) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും രണ്ടു പ്രാവശ്യം സ്റ്റേ നൽകിയിട്ടുണ്ട്.

(സി) സ്ഥലമെടുപ്പ് നടപടികൾ സർക്കാർ പിൻവലിച്ചിരിക്കുകയാണ്.

സർക്കാർ സ്റ്റേ ഉത്തരവുമൂലം തടസ്സപ്പെടുന്ന പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ

294. [468] ശ്രീ. കെ. ററി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ഭരണസമിതികൾ തീരുമാനിച്ചതനുസരിച്ച് ചില പഞ്ചായത്തുകളിൽ നടത്തിവരുന്ന വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന തരത്തിൽ സർക്കാർ സ്റ്റേ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കേസ്സുകളിൽ ഈ സ്റ്റേ ഓർഡറുകൾ പിൻവലിക്കാമോ ?

ഉത്തരം

(എ) ചില പഞ്ചായത്തുകൾ വികസന പ്രവർത്തനങ്ങൾക്കായി തുടങ്ങിവച്ച ഭൂമി പൊന്നും വിലനടപടികൾ ബന്ധപ്പെട്ട ഭൂഉടമകൾക്കും മറ്റും ക്ലേശങ്ങളും നഷ്ടങ്ങളും ഉണ്ടാകുമെന്ന് കാണിച്ച് ലഭിച്ചിട്ടുള്ള പരാതിയിൻമേൽ സർക്കാർ താല്ക്കാലിക സ്റ്റേകൾ നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ തദ്ദേശസ്വയംഭരണവകുപ്പിൽ നിന്നും നൽകിയ പതിനേഴോളം സ്റ്റേകൾ നിലവിലുണ്ട്. ഈ സ്റ്റേ ഓർഡറുകൾക്കാധാരമായ പരാതികൾ പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

നെയ്യാറിൻകര നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾ

295. [469] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറിൻകര നിയോജക മണ്ഡലത്തിൽ എട്ട് പഞ്ചായത്തുകളിൽ എത്ര എണ്ണത്തിന് സ്വയം പര്യാപ്തതയുണ്ടെന്നും എത്ര എണ്ണം മൈനസ് ഫണ്ടിൽ പ്രവർത്തിക്കുന്നു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

നെയ്യാറിൻകര നിയോജക മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിൽ ഒറശേഖരമംഗലം പഞ്ചായത്ത് മാത്രമാണ് സ്വയം പര്യാപ്തതയുള്ളത്. മറ്റ് ഏഴു പഞ്ചായത്തുകളും മൈനസ് ഫണ്ടിൽ പ്രവർത്തിക്കുന്നു.

296. [470] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറിൻകര മണ്ഡലത്തിലെ തെരുവുവിളക്കുകൾ കത്താത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

നെയ്യാറിൻകര മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും തെരുവുവിളക്കുകൾ കത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly